ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവരായി കണക്കാക്കി വിശദമായ സെൻസസ്സിൽ നിന്നും ഒഴിവാക്കി ബാക്കിയുള്ള കുടുംബങ്ങളെ സംബന്ധിച്ച വിശദമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചു.

ദാരിദ്ര്യരേഖ സെൻസസ്സ് നടത്തുന്നതിന് ഒരു മാസം മുൻപ് ആഹാരം, പാനീയങ്ങൾ, വസ്ത്രം, പാർപ്പിടം, ഇന്ധനവും വെളിച്ചവും, വിദ്യാഭ്യാസം, യാത്രാ ചെലവ്, വൈദ്യസഹായം, വിനോദം തുടങ്ങിയവയുടെ പ്രതിശീർഷ പ്രതിമാസ ചെലവിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ പ്രതിശീർഷ മാസ വരുമാനം കണക്കാക്കുകയും സംസ്ഥാനത്തിന്റെ ദാരിദ്ര്യരേഖയായി നിശ്ചയിച്ചിരുന്ന പ്രതിശീർഷ മാസ വരുമാനമായ 327.48 രൂപയിൽ താഴെയുള്ള കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കി ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്.

(ഡി) ഉണ്ട്. നിലവിലുള്ള ദാരിദ്ര്യരേഖാ ലിസ്റ്റ് ഒമ്പതാം പദ്ധതിക്കാലത്തേക്ക് തയ്യാറാക്കിയിട്ടുള്ളതാണ്. പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സെൻസസ്സ് നടത്തിയിട്ടുണ്ട്. എന്നാൽ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ലഭ്യമായ വിവരങ്ങളനുസരിച്ച് അർഹരായ ധാരാളം കുടുംബങ്ങൾ ഒഴിവാക്കപ്പെടുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇല്ല. എന്നാൽ ബി. പി. എൽ., എ. പി. എൽ. റേഷൻ കാർഡ് വിതരണത്തിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

(എഫ്) 1997 ജൂൺ മാസം മുതൽ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡ് ഉടമകളെ കണ്ടെത്തുന്നതിന് ഗ്രാമവികസന വകുപ്പ് സർവ്വെ നടത്തി തയ്യാറാക്കിയ ബി. പി. എൽ. ലിസ്റ്റാണ് അവലംബിച്ചിട്ടുള്ളത്.

വനം കൊള്ളയും വനം കയ്യേറ്റങ്ങളും തടയാൻ നടപടി

26 [*110] ശ്രീ. ടി. പി. രാമകൃഷ്ണൻ:
„ വി. കെ. ചന്ദ്രൻ:
„ മഞ്ഞളാംകുഴി അലി:
„ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കൊള്ളയും, വനം കയ്യേറ്റങ്ങളും സംസ്ഥാനത്ത് വൻതോതിൽ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) വനമേഖലയിൽ നിന്നും വിലപിടിപ്പുള്ള വൻ മരങ്ങൾ വെട്ടിക്കൊണ്ടു പോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വനമേഖലയിൽ നിന്നാണ് മരങ്ങൾ മുറിച്ച് കടത്തിയതെന്നും അവ എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ജീരകപ്പാറയിൽ നടന്ന വനം കൊള്ളയെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) വനം കൊള്ളയും, വനം കയ്യേറ്റവും സംസ്ഥാനത്ത് വൻതോതിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട പുതിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനം കയ്യേറ്റം തടയുന്നതിന് വനാതിർത്തികൾ സ്ഥിരം ജണ്ടകൾ കെട്ടി സുരക്ഷിതമാക്കുന്നു. വനം സംരക്ഷണ സേനാംഗങ്ങൾ പട്രോളിംഗ് നടത്തി അനധികൃത മരംമുറി നിരോധിക്കുകയും കയ്യേറ്റം ഉണ്ടാകാതെ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. പെട്ടെന്നുണ്ടാകുന്ന സംഘടിതമായ കയ്യേറ്റങ്ങളും കുറ്റകൃത്യങ്ങളും തടയുന്നതിന് രണ്ട് ദ്രുതകർമ്മസേന സജീവമായി പ്രവർത്തിക്കുന്നു. പുതിയ സ്റ്റേഷനുകൾ രൂപീകരിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു. ജനപങ്കാളിത്തത്തോടെ കയ്യേറ്റവും മറ്റും തടഞ്ഞ് വനസംരക്ഷണം വേണ്ടത്ര ഫലപ്രദമാക്കുന്നതിന് പൊതുജനങ്ങൾ, ഗിരിജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വനനിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ വിവിധ വനമേഖലകളിൽ നിന്നും ചെറിയ തോതിൽ മരങ്ങൾ മുറിച്ചു മാറ്റുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരംമുറി കണ്ടുപിടിക്കുമ്പോൾതന്നെ കേരള ഫോറസ്റ്റ് ആക്റ്റ് അനുസരിച്ച് കേസ്സെടുത്ത് ആവശ്യമായ അന്വേഷണം നടത്തി കോടതിയിൽ കേസ് ചാർജ്ജ് ചെയ്തുവരുന്നു.

(ഡി) സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും ഇങ്ങനെ അനധികൃതമായി മരങ്ങൾ മുറിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2005-ൽ 1592 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. എക്കോളജിക്കലി ഫ്രൈജൈൽ ആയി പ്രഖ്യാപിച്ച പ്രദേശത്ത് 2004-ൽ അടിക്കാടുകൾ വെട്ടി കൃഷി ചെയ്യാൻ ശ്രമിച്ചതിനും മരങ്ങൾ മുറിച്ചതിനും വനം വകുപ്പ് ജീരകപ്പാറയിൽ നാല് കേസുകളെടുത്തിട്ടുണ്ട്.

ആയുർവേദ മസാജ് പാർലറുകളെ നിയന്ത്രിക്കാൻ നടപടി

27. [*111] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ആയുർവേദ മസാജ് പാർലറുകളിൽ വേണ്ടത്ര യോഗ്യതയും പ്രായോഗിക പരിചയവും ഇല്ലാത്ത ആളുകളെ ജോലിക്ക് നിയോഗിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly